(ബി) 2004 ഏപ്രിലിൽ നിയമസഭ പാസ്സാക്കിയ കേരള വനം ബില്ലിലെ അപാകത കാരണം സർക്കാർ ഏറ്റെടുത്ത വനഭൂമി സർക്കാരിന് നഷ്ടപ്പെടാനിടയാകുന്നതായുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിയമത്തിന്റെ ഫലമായി അനധികൃതമായി കൈവശപ്പെടുത്തിയിട്ടുള്ള വനഭൂമി കൈവശക്കാർക്ക് തിരിച്ചുനൽകേണ്ടിവരും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ എത്ര ഏക്കർ ഭൂമി ഇപ്പോഴും സർക്കാരിന്റെ കൈവശമുണ്ടെന്ന് പറയാമോ?

ഉത്തരം

(എ) 2001-ലെ വനം ഓർഡിനൻസിലൂടെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ 27272.43 ഏക്കർ വനഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി, സി) 2004-ലെ ബില്ലിൽ അപാകതകളൊന്നും ശ്രദ്ധയിൽപെട്ടിട്ടില്ല. ബില്ലിൽ ഉൾപ്പെട്ടിട്ടുള്ള വകുപ്പുകൾക്ക് വിരുദ്ധമായി നേരത്തെ എടുത്തിട്ടുള്ള സ്ഥലങ്ങൾ അതാതു ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കേണ്ടിവരും.

(ഡി) 27272.43 ഏക്കർ വനഭൂമി ഇപ്പോഴും സർക്കാരിന്റെ കൈവശമുണ്ട്.

കട്ടച്ചിറ–കുടപ്പന–തണ്ണിത്തോട് റോഡ് നിർമ്മാണം

91 [2701] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടച്ചിറ–കുടപ്പന–തണ്ണിത്തോട് റോഡ് ഏതൊക്കെ ഘട്ടത്തിൽ എത്ര ഫണ്ട് ഉപയോഗിച്ചാണ് വനംവകുപ്പ് നിർമ്മിച്ചിട്ടുള്ളത്;

(ബി) എത്ര കുടുംബങ്ങളാണ് ഈ റോഡ് ഉപയോഗിക്കുന്നത്;

(സി) രണ്ട് പഞ്ചായത്തുകളേയും രണ്ട് താലൂക്കുകളേയും രണ്ട് നിയോജക മണ്ഡലങ്ങളേയും കൂട്ടിമുട്ടിക്കുന്ന, ഈ തകർന്നുകിടക്കുന്ന റോഡ് സഞ്ചാരയോഗ്യമാക്കാൻ നബാർഡ് ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം വിശദീകരിക്കാമോ;

(ഡി) ഫണ്ട് ലഭിക്കാൻ വനംവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കട്ടച്ചിറ–കുടപ്പന–തണ്ണിത്തോട് റോഡിന്റെ പുനർനിർമ്മാണം 1999–2000 വർഷത്തിൽ 19.33 ലക്ഷം രൂപ ഉപയോഗിച്ച് നടത്തിയിട്ടുണ്ട്.

(ബി) കട്ടച്ചിറ–കുടപ്പന എന്നീ പ്രദേശങ്ങളിലെ 300 കുടുംബങ്ങൾക്ക് നേരിട്ടും മേക്കണ്ണം, ഉരുളിക്കല്ല്, പാമ്പിനി, തണ്ണിത്തോട് എന്നീ പ്രദേശങ്ങളിലെ ഏതാണ്ട് 2500 കുടുംബങ്ങൾക്കും ഈ റോഡ് ഉപകാരപ്രദമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) ഈ റോഡിന്റെ മണിയാർ മുതൽ കുടപ്പന വരെയുള്ള ഭാഗം 49.20 ലക്ഷം രൂപ ചെലവിൽ നന്നാക്കുന്നതിനുള്ള പദ്ധതി നബാർഡിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുടപ്പന മുതൽ അഞ്ചുകുഴി വരെയുള്ള മൂന്ന് കി.മീ. ദൂരം റോഡ് പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. റോഡുകളുടെ നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുന്നതനുസരിച്ച് നബാർഡിൽനിന്നും ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോടനാട് ആനവളർത്തൽ കേന്ദ്രത്തോടനുബന്ധിച്ച് ആനപാപ്പാൻ കളരി പ്രവർത്തനം

92 [2702] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടനാട് ആന വളർത്തൽ കേന്ദ്രത്തോടനുബന്ധിച്ച് അനുവദിച്ചിട്ടുള്ള ആനപാപ്പാൻ കളരി പ്രവർത്തനം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആനപാപ്പാൻ കളരി ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആനവളർത്തൽ കേന്ദ്രം വിപുലീകരിക്കുന്നതിനും മൃഗശാല മാറ്റി സ്ഥാപിച്ച് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) ആനവളർത്തൽ കേന്ദ്രവും മൃഗശാലയും പുനരുദ്ധരിച്ച് കൂടുതൽ വിനോദ സഞ്ചാരികളേയും പഠിതാക്കളേയും ആകർഷിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ആനവളർത്തൽ കേന്ദ്രം വിപുലീകരിക്കുന്നതിനും മൃഗശാല മാറ്റി കൂടുതൽ സൗകര്യം ഒരുക്കുന്നതിനും ഇപ്പോൾ പദ്ധതികളൊന്നും പരിഗണനയിലില്ല.

(ഡി) കേന്ദ്ര സൂ അതോറിറ്റിയുടെ നിബന്ധനകൾ അനുസരിച്ച് ആനവളർത്തൽ കേന്ദ്രവും മൃഗശാലയും പുനരുദ്ധരിക്കുന്നതിന് തടസ്സമുണ്ട്. അല്ലാതെത്തന്നെ വിനോദ സഞ്ചാരികളേയും പഠിതാക്കളേയും ആകർഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു.

കട്ടച്ചിറ, കുരുമ്പൻമൂഴി ആദിവാസി കോളനികൾ വൈദ്യുതീകരിക്കാൻ അനുമതി

93 [2703] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടച്ചിറ, കുരുമ്പൻമൂഴി ആദിവാസി കോളനികൾ വൈദ്യുതീകരിക്കാൻ വനം വകുപ്പിന്റെ അനുമതി നൽകുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly